## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5782** **16-03-2023 - ൽ മറുപടിയ്ക്ക്**

## ആശുപത്രി ജീവനക്കാർക്കെതിരെയുള്ള ആക്രമണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. സണ്ണി ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഡോക്ടർമാർ അടക്കമുള്ള ആശുപത്രി ജീവനക്കാർക്കെതിരെ ആക്രമണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഡോക്ടർമാര് അടക്കമുള്ള ആശുപത്രി ജീവനക്കാർക്കെതിരെ ആക്രമണങ്ങൾ ഉണ്ടായാൽ കാലതാമസം കൂടാതെ പോലീസിൽ റിപ്പോർട്ട് ചെയ്യുകയും യഥാവിധി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | രോഗികളുടെ ബന്ധുക്കളടക്കമുള്ളവർ ഡോക്ടർമാർക്കെതിരെ ആക്രമണം അഴിച്ചുവിടുന്ന പ്രവണത തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | ആശുപത്രി ജീവനക്കാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ആരോഗ്യ പ്രവർത്തകർക്ക് സുരക്ഷിതമായി തങ്ങളുടെ ജോലികൾ നിർവ്വഹിക്കുന്നതിനും അവസരം ഒരുക്കുന്നതിനായി വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് എതിരെയുള്ള അതിക്രമങ്ങൾ കുറച്ചു കൊണ്ടുവരുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ സർക്കാർ ഉത്തരവ് G.O(Rt)No.1735/2021/H&FWD Dtd.12/08/2021 പുറപ്പെടുവിച്ചിട്ടുള്ളതും തുടർന്ന് 04/07/2022-118/B4/2022/Health പ്രകാരം സർക്കുലർ പുറപ്പെടുവിച്ചതും അതിനെ തുടർന്ന് 04/07/2022- ൽ കെ4/5870/2022/മെ.വി.വ. പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിപത്രം പുറപ്പെടുവിച്ചിട്ടുമുണ്ട്. അതിലെ നിർദ്ദേശങ്ങൾ പാലിക്കാൻ വകുപ്പിനു കീഴിലെ എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രി ജീവനക്കാർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ സംബന്ധിച്ച് പോലീസിൽ പരാതി നൽകി വരികയും ആയതുമായി ബന്ധപ്പെട്ട് കർശന നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.<br><br>കേരള ഹെൽത്ത് കെയർ പേഴ്സൺസ് & ഹെൽത്ത് കെയർ സർവ്വീസ് ഇൻസ്റ്റിറ്റ്യൂഷൻസ് (അക്രമവും വസ്തുവകകൾക്ക് നാശനഷ്ടവും തടയൽ) ആക്ട്, 2012 |

| | | | |
|---|---|---|---|
| | | | നിയമം ഭേദഗതി ചെയ്യുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട് |
| (സി) | ഡോക്ടർമാർ അടക്കമുള്ള ആശുപത്രി ജീവനക്കാർക്കെതിരെയുള്ള ആക്രമണം തടയുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | ആശുപത്രി ജീവനക്കാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ആരോഗ്യ പ്രവർത്തകർക്ക് സുരക്ഷിതമായി തങ്ങളുടെ ജോലികൾ നിർവ്വഹിക്കുന്നതിനും അവസരം ഒരുക്കുന്നതിനായി വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് എതിരെയുള്ള അതിക്രമങ്ങൾ കുറച്ചു കൊണ്ടുവരുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ സർക്കാർ ഉത്തരവ് G.O(Rt)No.1735/2021/H&FWD Dtd.12/08/2021 പുറപ്പെടുവിച്ചിട്ടുള്ളതും തുടർന്ന് 04/07/2022-118/B4/2022/Health പ്രകാരം സർക്കുലർ പുറപ്പെടുവിച്ചതും അതിനെ തുടർന്ന് 04/07/2022- ൽ കെ4/5870/2022/മെ.വി.വ. പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിപത്രം പുറപ്പെടുവിച്ചിട്ടുമുണ്ട്. അതിലെ നിർദ്ദേശങ്ങൾ പാലിക്കാൻ വകുപ്പിനു കീഴിലെ എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രി ജീവനക്കാർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ സംബന്ധിച്ച് പോലീസിൽ പരാതി നൽകി വരികയും ആയതുമായി ബന്ധപ്പെട്ട് കർശന നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.<br><br>കേരള ഹെൽത്ത് കെയർ പേഴ്സൺസ് & ഹെൽത്ത് കെയർ സർവ്വീസ് ഇൻസ്റ്റിറ്റ്യൂഷൻസ് (അക്രമവും വസ്തുവകകൾക്ക് നാശനഷ്ടവും തടയൽ) ആക്ട്, 2012 നിയമം ഭേദഗതി ചെയ്യുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ